# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4474 17.12.2014 - ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരിൽ എത്രപേർക്ക് ഇനിയും പെൻഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 30/09/2014 വരെ പെൻഷനായവരിൽ 68 പേർക്ക് പെൻഷൻ നൽകുവാനുണ്ട്. |
| (ബി) ഏതു വർഷംവരെ വിരമിച്ചവർക്കാണ് മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ ? | (ബി) 01/07/2009 -നു മുമ്പ് വിരമിച്ചവരുടെ പുതുക്കിയ നിരക്കിലുള്ള പെൻഷൻ നൽകുന്നുണ്ട്. എന്നാൽ ഇവരുടെ പെൻഷൻ കുടിശ്ശിക ഫണ്ടിന്റെ അപര്യാപ്തത മൂലം ഭാഗികമായി മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളു. 01/07/2009-ന് ശേഷം പെൻഷൻ ആയവരിൽ 31/08/2013 വരെ പെൻഷൻ ആനുകൂല്യങ്ങൾ ആതറൈസ് ചെയ്ത് ഉത്തരവായിട്ടുള്ളവർക്ക് പെൻഷൻ കുടിശ്ശിക ഒഴികെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി. കമ്മ്യൂട്ടേഷൻ) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ